(11) കൊണ്ടോട്ടിയിൽ ബസ് സ്റ്റാൻഡിനാവശ്യമായ സ്ഥലം ഏറെറടുക്കൽ

ശ്രീ. പി. സീതിഹാജി: സർ, എന്റെ നിയോജകമണ്ഡലത്തിൽ പെട്ട കൊണ്ടോട്ടിയിൽ ഏകദേശം 300–ഓളം ബസ്സുകൾ ഓടുന്നുണ്ട്. അതു വളർന്നുവരുന്ന ഒരു പട്ടണമാണ്. അവിടെ ബസ്സ്റ്റാൻറു ഇല്ലാത്തതിന്റെ പേരിൽ ബസ്സുകൾ അങ്ങുമിങ്ങും ഇട്ട് പല അപകടങ്ങൾക്കും കാരണമാകുന്നു. അതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ ജനകീയ ബോർഡായിരുന്ന പഞ്ചായത്തു ബോർഡ് ഒരു സ്ഥലം പ്രൊപ്പോസു ചെയ്യുകയും അതിന് അക്വിസിഷൻ നടപടികൾ പൂർത്തിയാവുകയും ചെയ്തതാണ്. എന്നാൽ 23 സെൻറ് മാത്രമുള്ള ആ സ്ഥലം ബസ്സ്റ്റാൻറിന് പറ്റുകയില്ലായെന്ന നിഗമനത്തിൽ ഗവൺമെൻറ് എത്തുകയും ആ പരിപാടി നിർത്തിവയ്ക്കുകയുമുണ്ടായി. അതുകൊണ്ട് അനുയോജ്യമായ സ്ഥലം വേറെ എവിടെയെങ്കിലും എടുക്കുന്നതിനു വേണ്ടി ഗവൺമെൻറു നിർദ്ദേശം കൊടുക്കണം. അവിടെ ഒരു ജനകീയ ബോർഡില്ല. ഗവൺമെൻറ് ശക്തമായ നിർദ്ദേശം കൊടുത്തെങ്കിൽ മാത്രമേ അതിനുസാധിക്കുകയുള്ളൂ. സ്ഥലം അവിടെ ധാരാളം കിട്ടാനുണ്ട്. അടിയന്തിരമായി കുറേ സ്ഥലം വാങ്ങി ബസ്സ്റ്റാൻറു സ്ഥാപിക്കണം. കൊണ്ടോട്ടി ടൗണിൽ ആക്സിഡൻറും മരണവുമൊക്കെ നിത്യസംഭവമാണ്. അതുകൊണ്ട് അവിടത്തെ ജനങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു മോചനമുണ്ടാക്കിവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. സി.എം. സുന്ദരം): സർ, കൊണ്ടോട്ടിയിൽ ഒരു ബസ്സ്റ്റാൻറ് സ്ഥാപിക്കുന്നതിനു വേണ്ടി കൊണ്ടോട്ടി വില്ലേജിൽ ഒരു സ്ഥലം വിലക്കെടുക്കുവാൻ വിജ്ഞാപനം ചെയ്തിരുന്നു. ആ സ്ഥലം ഒരു ബസ്സ്റ്റാൻറ് സ്ഥാപിക്കുന്നതിന് അപര്യാപ്തമാണെന്നു കണ്ടതിൽ പ്രസ്തുത ആവശ്യത്തിനു വേണ്ടി അനുയോജ്യമായ മറെറാരു സ്ഥലം കണ്ടുപിടിക്കുന്നതിനുവേണ്ടി പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(12) കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജു കാമ്പസ്സിനു ചുററും മതിൽ കെട്ടുന്നതു നിമിത്തം പൊതുവഴി അടഞ്ഞതായി പരാതി

ശ്രീ. കെ.പി. രാമൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കോഴിക്കോട് റീജണൽ എഞ്ചിനീയറിങ്ങ് കോളേജിന് ചുററുഭാഗവും സ്ഥലം സംരക്ഷിക്കാനെന്നപേരിൽ മതിൽകെട്ടിയതുകൊണ്ട് ഈ സ്ഥാപനം വരുന്നതിനുമുമ്പുതന്നെ ആ സ്ഥലവാസികൾ ഉപയോഗിച്ചുകൊണ്ടിരുന്ന വഴികൾ ഇല്ലാതായിരിക്കുകയാണ്. മാത്രവുമല്ല ഈ സ്ഥാപനം സ്ഥിതിചെയ്യുന്ന ചാത്തമംഗലം പഞ്ചായത്തിലെ 3, 7, 8, 9, 10 വാർഡുകളിലെ ജനങ്ങളാണ് ഏറവുമധികം ബുദ്ധിമുട്ടുന്നതും. ഇവർക്ക് തൊട്ടടുത്തുള്ള സ്കൂൾ, കോളേജ്, പോസ്റ്റാഫീസ്, ബാങ്ക് എന്നിവിടങ്ങളിൽ എത്തിച്ചേരുന്നതിന് വളരെയധികം പ്രയാസമുണ്ട്. അതുപോലെതന്നെ ദുർബ്ബല വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രദേശത്ത് എക്കാലവും വെള്ളമുള്ള ഒരു ചോലയുണ്ട്. ഈ ചോലയുമായി ബന്ധപ്പെട്ടു കഴിയുന്നവർക്കും വളരെ വിഷമമുണ്ട്. റീജണൽ എഞ്ചിനീയറിങ്ങ് കോളേജിലെ മുസ്ലീം വിദ്യാർത്ഥികൾക്കും സ്റ്റാഫിനും വേണ്ടി ഉണ്ടാക്കിയ പള്ളിയിൽ പ്രാർത്ഥനയ്ക്കുവേണ്ടി പോകുന്നവഴിയും ഇതുമൂലം ഇല്ലാതായതുകൊണ്ട് അവർക്ക് നമസ്ക്കാരത്തിന് വളരെയധികം ബുദ്ധിമുട്ടുണ്ട്. വെള്ളിയാഴ്ച 'ജുമ അക്ക' പോകുന്നതിനാണ് ഏറ്റവുമധികം പ്രയാസപ്പെടുന്നത്. അതിന്റെ ഫലമായി അവിടെ നിരന്തരമായി സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ കോളേജ് പ്രിൻസിപ്പാളിന്റെ നയവൈകല്യം കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ചെറിയ ഒരു പ്രശ്നം പരിഹരിക്കുന്നതിനുപകരം ഇതു ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് എത്രയും വേഗം ഇതിൽ ഇടപെട്ടുകൊണ്ട് വഴിയുണ്ടാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, കോഴിക്കോട് റീജണൽ എഞ്ചിനീയറിംഗ് കോളേജ് സ്ഥിതിചെയ്യുന്നത് വലിയൊരു കാമ്പസ്സിലാണ്. അതിനുചുറ്റും മതിൽക്കെട്ട് ഇല്ലായിരുന്നു. കുറച്ച് കാലമായിട്ട് അതിനു മതിൽ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ മതിൽ കെട്ടുന്നതിനുമുമ്പ് കാമ്പസിനകത്തുകൂടെത്തന്നെയാണ് ആളുകൾ വഴി നടന്നിരുന്നത്. മതിൽകെട്ടി അടച്ചപ്പോൾ സ്വാഭാവികമായും കോളേജിനകത്തുകൂടെയുള്ള വഴി പല സ്ഥലത്തും തടസ്സപ്പെട്ടിട്ടുണ്ട്. എനിക്ക് കിട്ടിയ വിവരം അനുസരിച്ച് കാമ്പസിന് പുറത്തുകൂടെയുള്ള സ്ഥലത്ത് റീജണൽ എഞ്ചിനീയറിങ്ങ് കോളേജ്തന്നെ 24 അടി സ്ഥലം കൊടുത്തിട്ടുണ്ട്. ആളുകൾക്ക് നടക്കുന്നതിനും വാഹനത്തിൽ പോകുന്നതിനുംവരെയുള്ള സ്ഥലമുണ്ട്. 24 അടി വീതിയുണ്ട്. ഇതിനുമുമ്പ് കോളേജിൽത്തന്നെ പല മോഷണങ്ങളും രാത്രികാലങ്ങളിൽ കോളേജ് ഹോസ്റ്റലിൽ ആളുകൾ അതിക്രമിച്ചു കടക്കുകയും ചെയ്തിരുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരം ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ടായിരുന്നു അതിനുചുറ്റും മതിൽകെട്ടണമെന്ന ഒരു തീരുമാനം അതിന്റെ ഗവേണിങ്ങ് ബോഡി എടുത്തത്. നേരത്തെ ആർ.ഇ.സി.യുടെ സ്ഥിതി അറിയാമായിരുന്നല്ലോ. അതു വളരെയധികം മോശമായ രീതിയിൽ നടന്ന ഒരു കോളേജായിരുന്നു. ഇപ്പോൾ എനിക്ക് അഭിമാനത്തോടുകൂടിത്തന്നെ പറയാൻ കഴിയും ഇൻഡ്യയിലെ ഏറ്റവും നല്ല ഒരു റീജണൽ എഞ്ചിനീയറിങ്ങ് കോളേജായി നമ്മുടെ ആർ.ഇ.സി. ഉയർന്നു കഴിഞ്ഞിട്ടുണ്ട്; ഭരണപരമായും അവിടത്തെ അക്കാഡമിക് ആയിട്ടുള്ള കാര്യങ്ങളിലും, ബഹുമാനപ്പെട്ട മെമ്പർതന്നെ എന്റെ ശ്രദ്ധയിൽ ഈ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ആളുകൾക്ക് ഇപ്പോൾ കുറേയൊ ബുദ്ധിമുട്ടുകൾ ഉണ്ടായിരിക്കുന്നു; മുസ്ലീം കുട്ടികൾക്ക് പ്രാർത്ഥിക്കാൻ പോകുന്നതിന് ബുദ്ധിമുട്ടുണ്ടായിരിക്കുന്നു എന്നൊക്കെയാണ് ഇവിടെ പറഞ്ഞത്. ഏതായാലും ഞാൻ അടുത്ത മാസം രണ്ടാമത്തെ ആഴ്ചയിൽ അവിടെ പോകുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.യേയും ആസമയത്ത് ഞാൻ ക്ഷണിക്കുന്നതാണ്. അദ്ദേഹത്തിന്റെ കൂടി സാന്നിദ്ധ്യത്തിൽ കോളേജിലെ ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്തു ആളുകൾക്ക് ബുദ്ധിമുട്ടില്ലാത്ത നിലയിൽ അതു പരിഹരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly